**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **23-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയ്ക്കായുള്ള വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. റോജി എം. ജോൺ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്നത് വസ്തുതയാണോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി ഹ്രസ്വകാല, ദീർഘകാല നടപടികൾ, വിഭാവനം ചെയ്താണ് സർക്കാർ നേരിട്ട് പോരുന്നത്. |
| (ബി) | കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിലൂടെ കടന്നുപോകുകയും പൊതു കടം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ അറുപത്തി അയ്യായിരം കോടിയിലേറെ ചെലവ് പ്രതീക്ഷിക്കുന്ന സിൽവർ ലൈൻ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കും എന്നത് വസ്തുതയാണോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. കോവിഡിന്റെ പ്രതികൂല സാഹചര്യം പ്രതിരോധ വാക്സിനേഷനിലെ പുരോഗതി പരിഗണിക്കുമ്പോൾ താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ് വ്യവസ്ഥ ചലനാത്മകമാകുമെന്നും ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ് .അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന നയവും കൂടിയാകുമ്പോൾ കടത്തിന്റെ പരിപാലനം പ്രയാസകരമാവില്ല. കോവിഡ് മഹാമാരി സൃഷ്ടിച്ച |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി 15ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷങ്ങളിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച നല്കിയിട്ടുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനായി ചമതലപ്പെടുത്തിയിട്ടുള്ള SPV(Special Purpose Vehicle) -യായ K-RAIL വിദേശ വായ്പാ ഏജൻസികൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയോടെ നേരിട്ട് വായ്പാ സമാഹരിക്കുന്ന പക്ഷം, അത്തരം വായ്പയിന്മേൽ സംസ്ഥാന സർക്കാരിന് നേരിട്ട് ബാധ്യത വരുന്നില്ല. |
| (സി) | സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാൻ ഏതൊക്കെ അന്താരാഷ്ട്ര സ്ഥാപനങ്ങളിലൂടെ വായ്പകൾ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വായ്പകൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ചർച്ച നടന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി വേണ്ടി വരുന്ന 63,941 കോടി രൂപയിൽ 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW, AIIB, JICA (സോഫ്റ്റ് ലോൺ - പലിശ (0.2 - 1.5 % വരെ)) നിന്നും സമാഹരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. സിൽവർലൈൻ ജൈക്കയുടെ ഓ.ഡി.എ റോളിംഗ് പ്ലാനിൽ ഉൾപ്പെട്ട പദ്ധതിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യു എന്നിവരെ കേന്ദ്ര ധനകാര്യ മന്ത്രാലയം വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു കഴിഞ്ഞു. വായ്പയ്ക്കായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം(എക്സ്പെന്റിചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു പദ്ധതി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വായ്പകളുടെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; സിൽവർ ലൈനിന്റെ നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ വായ്പ നൽകുന്ന കമ്പനികൾ നിർദ്ദേശിക്കുന്ന കമ്പനികളിൽ നിന്നും വാങ്ങണം എന്ന വ്യവസ്ഥ ഏതെങ്കിലും അന്താരാഷ്ട്ര കമ്പനികൾ വായ്പാ വ്യവസ്ഥയായി മുന്നോട്ടു വച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ഡി) | സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിനു സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധനാ ഘട്ടത്തിലാണ്. സാമ്പത്തിക കാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്കു ശുപാർശ ചെയ്യേണ്ടതുണ്ട്. ഇതിനു ശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുമ്പോട്ടു പോകുക. വായ്പ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്. |
| (ഇ) | ജപ്പാൻ സ്ഥാപനമായ ജൈക്കയിൽ നിന്നും വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ഇ) | സിൽവർ ലൈൻ ജൈക്കയുടെ ഒ.ഡി.എ റോളിംഗ് പ്ലാനിൽ ഉൾപ്പെട്ട പദ്ധതിയാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | ഇതിനായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ചർച്ചകളിൽ കമ്പനി വായ്പാ വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | സ്ഥാപനവുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നാൽ സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധനാ ഘട്ടത്തിലാണ്. സാമ്പത്തികകാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് ശുപാർശ ചെയ്യേണ്ടതുണ്ട്. ഇതിനു ശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുമ്പോട്ടു പോകുക. വായ്പ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ